(2) കോഴിക്കോട് പുതിയാപ്പയിൽ മൽസ്യബന്ധനതുറമുഖ പദ്ധതിക്ക് അനുവാദം നൽകുന്നതിലുണ്ടായിട്ടുള്ള കാലതാമസം

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, മൽസ്യബന്ധനത്തിനും മൽസ്യവ്യവസായത്തിനും വടക്കൻ കേരളത്തിലെ പ്രമുഖ സ്ഥലമാണ് എന്റെ നിയോജക മണ്ഡലമായ പുതിയാപ്പ. അവിടെ മൽസ്യ ബന്ധന തുറമുഖത്തിനുവേണ്ടി വളരെയേറെ വർഷങ്ങളായി മൽസ്യത്തൊഴിലാളികൾ നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ വൻകിട മൽസ്യബന്ധന കേന്ദ്രങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു പ്രത്യേകത അവിടെയുണ്ട്. അവിടെ ബോട്ട് ഉടമസ്ഥൻമാർ എന്ന് പറയുന്നത് പരമ്പരാഗത മൽസ്യത്തൊഴിലാളികളാണ്. ആറും ഏഴും കുടുംബങ്ങൾ ഒരു ഗ്രൂപ്പായി തിരിഞ്ഞ് കടമെടുത്ത് അവർതന്നെ തൊഴിലാളികളായി മൽസ്യബന്ധനം നടത്തുന്നുണ്ട്. സാധാരണ കേന്ദ്രങ്ങളെപ്പോലെ വൻകിട വ്യവസായികളും അവിടെയില്ല. 75 ബോട്ടുകളും അഗ്രിക്കൾച്ചറൽ ഫിനാൻസ് കോർപ്പറേഷന്റെ സഹായത്തോടുകൂടി സഹകരണമേഖലയിൽ എ. ആർ. സി. പദ്ധതിയുടെ ഭാഗമായി ആറേഴ് വർഷക്കാലമായി അവിടെ പ്രവർത്തിക്കുന്നുണ്ട്. മറ്റ് നൂറ് നൂറിയമ്പത് ബോട്ടുകളും അവിടെയുണ്ട്. പക്ഷേ കടൽക്ഷോഭക്കാലത്തും മറ്റ് ഘട്ടങ്ങളിലും മൽസ്യബന്ധന തുറമുഖത്തിന്റെ അപര്യാപ്തതകൊണ്ട് ബോട്ടുകൾക്ക് സുരക്ഷിതമായ ഒരു താവളമില്ല. ഇപ്പോൾ കേരളത്തിലുള്ള മൽസ്യബന്ധന തുറമുഖങ്ങൾ വിഴിഞ്ഞവും പ്രധാനമന്ത്രി സന്ദർശിക്കാൻ പോകുന്ന നീണ്ടകരയും കൊച്ചിയുമാണ്. കൊച്ചി മുതൽ മഞ്ചേശ്വരം വരെയുള്ള വടക്കൻ കടലോരപ്രദേശത്തെ മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒരു സുരക്ഷിതമായ മേഖല ഇല്ലാത്തതുകൊണ്ട് പ്രയാസം അനുഭവിക്കുകയാണ്. ഇതൊക്കെ മനസ്സിലാക്കി നാല് മൽസ്യബന്ധന തുറമുഖങ്ങൾക്ക് വേണ്ടി നിർദ്ദേശമുണ്ടായിരുന്നു. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേശപ്പുറത്ത് വച്ച മറുപടിയിൽ പൊന്നാനി, മുനമ്പം, മാപ്പിളബേ, പുതിയാപ്പ എന്നീ നാല് മൽസ്യബന്ധന തുറമുഖങ്ങൾ ഏഴാം പഞ്ചവത്സരപദ്ധതിയിലുണ്ടെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ഈ വർഷംതന്നെ പുതിയാപ്പ തുറമുഖത്തിന്റെ പണി ആരംഭിക്കുമെന്ന് പറഞ്ഞു. പക്ഷേ ടോക്കൺ പ്രൊവിഷൻ പോലും വച്ചിട്ടില്ല. ഏഴാം പഞ്ചവത്സരപദ്ധതിയിൽ നാല് മൽസ്യബന്ധന തുറമുഖങ്ങൾ തുറന്ന് പ്രവർത്തിക്കുമെന്ന് ഉത്തരവ് നൽകിയെങ്കിലും, ഏഴാം പഞ്ചവത്സരപദ്ധതിയുടെ കരട് രൂപരേഖ നമുക്ക് കിട്ടിയിട്ടില്ല. ഈ വർഷത്തെ വാർഷിക കരട് രൂപരേഖ കിട്ടി. അതിൽ പുതിയാപ്പ മൽസ്യബന്ധന തുറമുഖത്തിന്റെ കാര്യമൊന്നും പറഞ്ഞിട്ടില്ല. കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ ഇത് അവസാന തീരുമാനത്തിനായി കിടക്കുകയാണ്. 1982-ൽ 507 കോടി രൂപ അടങ്കൽ ചെലവ് വരുന്ന ഒരു പ്രോജക്ട് സംസ്ഥാനഗവൺമെന്റ് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു. കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ തീരുമാനമെടുക്കാനുള്ള തെക്കേ ഇന്ത്യയിലെ പ്രധാനപ്പെട്ട പ്രോജക്ടുകളിൽ ഒന്നാണിത്. ടോക്കൺ പ്രൊവിഷൻ കാണിച്ചിരുന്നുവെങ്കിൽ, ഈ വർഷത്തെ പഞ്ചവത്സരപദ്ധതിയിൽ, വാർഷിക പദ്ധതിയിൽ നിങ്ങൾ രേഖപ്പെടുത്തിയിരുന്നുവെങ്കിൽ ഇന്ത്യാ ഗവൺമെന്റിന്റെ അനുവാദം കിട്ടുമായിരുന്നു. മൽസ്യത്തൊഴിലാളികളോട് നീതി കാണിക്കണം. ഈ മൽസ്യബന്ധനതുറമുഖത്തിന്റെ പ്രവർത്തനം അടിയന്തിരമായും നടത്തണം, തുക നീക്കിവയ്ക്കാൻ നടപടിയുണ്ടാകണം. കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി,

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഉറപ്പുനൽകിയതുപോലെ ഈ വർഷംതന്നെ പണിയാരംഭിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണം. 1978-ൽ 30 ബോട്ടുകളും തകർന്നു. 1982-ൽ രണ്ട് ബോട്ടുകളും തകർന്നു. എല്ലാ വർഷങ്ങളിലും തകരുകയാണ്. മേലിലെങ്കിലും തകരാതിരിക്കാൻ ഒരു സുരക്ഷിതത്വം ഉണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ബഹുമാനപ്പെട്ട മെമ്പർ നേരത്തെതന്നെ വിവരങ്ങളും പറഞ്ഞിട്ടുണ്ട്. നാല് പ്രോജക്ടുകളുണ്ട്, ഏഴാം പഞ്ചവൽസരപദ്ധതിക്കാലത്താണ്. അതിലൊന്നാണ് ഈ പദ്ധതി. പക്ഷേ അദ്ദേഹം പറഞ്ഞ കണക്കിൽ ഒന്നും മാത്രം തെറ്റിപ്പോയി. 507 ലക്ഷം അല്ല, 851.55 ലക്ഷമാണ്. പുതിയാപ്പ പ്രോജക്ട് ഏഴാം പദ്ധതിയിൽ തീർക്കുമെന്നാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പക്ഷേ ഏഴാം പദ്ധതിക്ക് അവസാന രൂപം കൊടുത്തുകഴിഞ്ഞിട്ടില്ല. സത്യം പറഞ്ഞാൽ, ഇന്നത്തെ സ്ഥിതി വച്ചുനോക്കുമ്പോൾ, ചെലവ് വരുന്നത് 50:50 ആണ്. ഗവൺമെന്റ് 50 ശതമാനം സംഘ്ഷൻ ചെയ്തുകൊണ്ട്, പ്രോജക്ട് തയ്യാറാക്കി ഇന്ത്യാ ഗവൺമെന്റിന്റെ അംഗീകാരത്തിന് അയച്ചിരിക്കുകയാണ്. ആ അംഗീകാരം കിട്ടിക്കഴിഞ്ഞാൽ ഈ വർക്ക് ഉടനെതന്നെ ടേക്കപ്പ് ചെയ്യാൻ സാധിക്കും. അതൊഴിച്ച് അവരുടെകൂടി അംഗീകാരമില്ലാതെ വന്നാൽ മുഴുവൻ സംഖ്യയും നമ്മളം ചെലവ് ചെയ്യേണ്ടിവരും. അതിന് സ്റ്റേറ്റിന് പരിമിതമുണ്ട്. എങ്കിൽ പോലും ഏഴാം പദ്ധതിക്കാലത്ത് നടപ്പിലാക്കാൻ കഴിയും. കാരണം കേന്ദ്രഗവൺമെന്റ് കൂടി അംഗീകരിച്ചിട്ടുള്ള പദ്ധതിയാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ പ്രൊവിഷനില്ലായെന്ന് പറഞ്ഞു. കിട്ടിയാലും അടുത്ത വർഷം ഇതിന്റെ പണി തുടങ്ങാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. സി. ഷൺമുഖദാസ്: ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ വർഷം പണി തുടങ്ങുമെന്ന് പറഞ്ഞിട്ടുണ്ട്. ആ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ ഒരു കാര്യമെങ്കിലും നടപ്പിലാക്കാൻ വേണ്ടി ഈ പണി തുടങ്ങാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കരുണാകരൻ: ബഡ്ജറ്റിൽ പറഞ്ഞ എല്ലാ കാര്യങ്ങളും നടപ്പിലാക്കുന്നതാണ്. പക്ഷേ കുറച്ച് ദിവസം കഴിഞ്ഞേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

IV. സബ്മിഷൻ

(i) മാവൂർ റയോൺസ് ഫാക്ടറിയിലെ തൊഴിൽ സമരം

ശ്രീ. കെ. പി. രാമൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറിയിലെ തൊഴിലാളികൾ രണ്ടു മാസമായി സമരത്തിലാണ്. ഇതിനിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടു പ്രാവശ്യം കോൺഫറൻസ് വിളിച്ചെങ്കിലും മാനേജുമെന്റിന്റെ ഭാഗത്തുനിന്നും അനുകൂലമായ നിലപാട് സ്വീകരിക്കാത്തതുകൊണ്ട് പ്രശ്നം പരിഹരിക്കാൻ സാധിച്ചില്ല. മാത്രമല്ല കഴിഞ്ഞമാസം 19-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ മാനേജുമെന്റ് പങ്കെടുക്കാൻ തയ്യാറായില്ല. ഇങ്ങനെയുള്ള തൊഴിലാളിവിരുദ്ധമായ നടപടിയാണ് മാനേജുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly